# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.39/16/മിസ്.ബി. ദേവസ്വം കമ്മീഷണർ ആഫീസ്,
തിരുവനന്തപുരം: 13/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- പറവൂർ ഗ്രൂപ്പിലെ തകിൽ ജീവനക്കാരുടെ 2016-17 ലെ പൊതു സ്ഥലം മാറ്റം സംബന്ധിച്ച്.

സൂചന :- നാറാണം ദേവസ്വം തകിൽ ശ്രീ. കെ.എം. ബാബുവിന്റെ അപ്പീൽ അപേക്ഷ.

ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ മൂകാംബി, കണ്ണൻകുളങ്ങര, പെരുവാരം എന്നീ ദേവസ്വങ്ങളാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ടിയാനെക്കാൾ ജൂനിയറായ ആളെയാണ് മാറ്റിയിരിക്കുന്നത് എന്നും, പെരുവാരം ദേവസ്വത്തിൽ ജോലി നോക്കിയിട്ടില്ലയെന്നുമാണ് അപ്പീലിൽ വിവരിച്ചിരിക്കുന്നത്.

ടിയാന്റെ ജൂനിയർ ആണെങ്കിലും പെരുവാരം ദേവസ്വത്തിൽ ജോലി നോക്കിയിട്ടില്ലാത്തതിനാൽ അപ്പീൽ അപേക്ഷ പരിഗണിച്ച് പെരുവാരം ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകി ഉത്തരവാകുന്നു.

ശ്രീ. പി. ഡി. ഉദയനെ കണ്ണൻകുളങ്ങര ദേവസ്വത്തിൽ നിന്നും നാറാണം ദേവസ്വത്തിലേയ്ക്കും സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

ടി സ്ഥലം മാറ്റങ്ങൾ 20/07/2016-ൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

(ഒപ്പ്)
**ദേവസ്വം കമ്മീഷണർ**

അംഗീകാരത്തോടെ,

Sreelathi

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ,
(അഡ്മിനിസ്ട്രേഷൻ).

**പകർപ്പ്:-**

1) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, പറവൂർ.
2) സെക്ഷൻ ഫയൽ.
3) ഫെയർ ആഫീസ് കോപ്പി.
4) EDP Section

ശ്രീ.

ആർ.ഒ.സി.നം.41/16/എസ്. ദേവസ്വം കമ്മീഷണർ ഓഫീസ്
തിരുവനന്തപുരം: 19/07/2016.

## ദേവസ്വം കമ്മീഷണറുടെ നടപടി ഉത്തരവ്

വിഷയം:- 2016-ലെ ഫുൾടൈം ശാന്തിക്കാരുടെ പറവൂർ ഗ്രൂപ്പിലെ പൊതു സ്ഥലം മാറ്റങ്ങൾ സംബന്ധിച്ച്.

സൂചന:- പറവൂർ ഗ്രൂപ്പിലെ ഫുൾടൈം ശാന്തി ജീവനക്കാരുടെ അപ്പീൽ അപേക്ഷകൾ.

പറവൂർ ഗ്രൂപ്പിൽപ്പെട്ട ശാന്തി ജീവനക്കാരുടെ 2016-ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് ലഭിച്ചിട്ടുള്ള അപ്പീൽ അപേക്ഷകൾ പരിശോധിച്ച് ചുവടെ വിവരിക്കും പ്രകാരം ഉത്തരവാകുന്നു.

1) **ശ്രീ. എസ്.പി. ബൈജു:-**

2016-ലെ പൊതു സ്ഥലംമാറ്റത്തിൽ പള്ളിയാക്കൽ ദേവസ്വത്തിൽ നിന്നും ചെറുവല്യാകുളങ്ങര ദേവസ്വത്തിലേക്ക് മാറ്റിയെന്നും ആയതു റദ്ദുചെയ്ത് തുടരാൻ അനുവദിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ശ്രീ. ബൈജു പള്ളിയാക്കൽ ദേവസ്വത്തിൽ മൂന്നു വർഷം പൂർത്തിയാക്കിയെങ്കിലും മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അപ്പീൽ പരിഗണിച്ച് ടി ദേവസ്വത്തിൽ നില നിറുത്തുന്നതിന് അനുവദിച്ചും, പള്ളിയാക്കൽ ദേവസ്വത്തിലേയ്ക്ക് സ്ഥലം മാറ്റിയ ശ്രീ. എൻ.സി. അജിത്കുമാറിനെ ചെറുവല്യാകുളങ്ങര ദേവസ്വത്തിൽ നില നിറുത്തിയും ഉത്തരവാകുന്നു.

2) **ശ്രീ. പി.എൻ. ശ്രീകുമാർ:-**

ദേവസ്വം ബോർഡാഫീസിലെ 25/06/2016-ലെ ആർ.ഒ.സി.15311/15/മിസ്.1 നമ്പർ ഉത്തരവു പ്രകാരം ടിയാനെ 2015-ലെ പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷിച്ചിട്ടുള്ള ദേവസ്വത്തിലേതിലെങ്കിലും സ്ഥലം മാറ്റം നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

ടിയാൻ ആവശ്യപ്പെട്ട മന്നം ദേവസ്വത്തിൽ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ ഉത്തരവിൽ നിർദ്ദേശിച്ചയാളിനെ നിയമിച്ച സാഹചര്യത്തിൽ പരിഗണിക്കുവാൻ കഴിയാത്തതിനാൽ, ടിയാന്റെ ലീൻ ഒഴിവുള്ള ഏതെങ്കിലും ദേവസ്വത്തിൽ നില നിർത്തിയും, തിരുവാലൂർ സബ്ഗ്രൂപ്പിന്റെ പരിധിയിലുള്ള വാതുറക്കാവ് ദേവസ്വത്തിൽ (പാർട്ട്ടൈം) തൽക്കാലം ജോലി നോക്കുന്നതിന് അനുവദിച്ചും ഉത്തരവാകുന്നു.

3) **ശ്രീ. എൻ.എ. രാജേഷ്കുമാർ:-**

ടിയാന് ഉണ്ടായ വാഹനാപകടത്തെ തുടർന്ന് ദൂരയാത്ര ബുദ്ധിമുട്ടാണെന്നും കിഴക്കമ്പലം സബ്ഗ്രൂപ്പിന്റെ കീഴിലുള്ള പള്ളിക്കര കുമാരപുരം ക്ഷേത്രത്തിലേയ്ക്ക് സ്ഥലം മാറ്റം നൽകണമെന്നും അപ്പീലിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ഒഴിവില്ലാത്ത പരിതഃസ്ഥിതിയിൽ അപ്പീൽ തൽക്കാലം പരിഗണിക്കുന്നില്ല. അടുത്തുണ്ടാകുന്ന ഒഴിവിൽ പരിഗണിക്കുവാൻ നിർദ്ദേശിച്ചും ഉത്തരവാകുന്നു.

പ്രസ്തുത സ്ഥലം മാറ്റങ്ങൾ 20/07/2016 മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

ദേവസ്വം കമ്മീഷണർ.